**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 413** **20-03-2025 - ൽ മറുപടിയ്ക്ക്**

**വയനാട് ദുരന്തബാധിതർക്കുള്ള സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് നിലവിൽ എത്ര ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചുവെന്നും ഓരോ ലിസ്റ്റിലും ഉൾപ്പെട്ടവരുടെ മാനദണ്ഡങ്ങളും വിശദമാക്കാമോ; | (എ) | വയനാട് ജില്ലയിലെ ഉരുൾപൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ പുനരധിപ്പിക്കേണ്ടവരുടെ അന്തിമ പട്ടിക 07/02/2025 പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഒന്നാം ഘട്ടം അന്തിമലിസ്റ്റിൽ 242 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ പുനരധിവസിപ്പിക്കേണ്ടവരുടെ ഫേസ് 2A ലിസ്റ്റ് - 13/03/2025 തീയതിയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 2A ലിസ്റ്റിൽ 81 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. നോ-ഗോ സോണിന് പുറത്തായി സ്ഥിതി ചെയ്യുന്ന ദുരന്ത കാരണം ഒറ്റപ്പെട്ടു പോകുന്ന വീടുകളെ ഉൾപ്പെടുത്തിയുള്ള കരട് ഫേസ് 2B ലിസ്റ്റ്, നോ-ഗോ സോണിന്റെ പരിധിയിൽ നിന്ന് 50 മീറ്ററിനുള്ളിൽ പൂർണ്ണമായി ഒറ്റപ്പെട്ടുപോകുന്ന അവസ്ഥയിലുള്ള വീടുകൾ പരിഗണിച്ചുകൊണ്ട് തിട്ടപ്പെടുത്താൻ 28/02/2025 ലെ സ.ഉ(കൈ)നം.3/2025/ഡി.എം.ഡി പ്രകാരം വയനാട് ജില്ലാകളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 2B ലിസ്റ്റിന്റെ കരട് DDMA പ്രസിദ്ധീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുകയാണ്.<br><br>ലിസ്റ്റുകൾ തയാറാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ചുകൊണ്ടുള്ള 26/11/2024 തിയ്യതിയിലെ സ.ഉ(സാധാ)നം.866/2024/ഡിഎംഡി, 04/01/2025 തിയ്യതിയിലെ സ.ഉ(സാധാ)നം.10/2025/ഡിഎംഡി, നമ്പർ സർക്കാർ ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ദുരന്തബാധിതർക്ക് നൽകിയിരുന്ന സഹായങ്ങൾ പുനരധിവാസ പ്രവർത്തനം പൂർത്തിയാകുംവരെ നൽകാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ? | (ബി) | മേപ്പാടി ഗ്രാമപഞ്ചായത്തിലെ 10, 11, 12 വാർഡുകളിൽ 30/07/2024ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ജീവനോപാധി നഷ്ടപ്പെട്ടുന്ന |

| | | | | |
|---|---|---|---|---|
| | | | | കുടുംബങ്ങൾക്ക് സഹായധനമായി പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് 300/- രൂപ വീതം ഒരു കുടുംബത്തിലെ രണ്ട് വ്യക്തികൾക്ക് വീതം SDRF -ൽ നിന്നും അനുവദിക്കുന്നതിനും ഇത് കൂടാതെ ആശുപത്രിയിൽ ദീർഘനാൾ ചികിത്സയിൽ കഴിയുന്ന രോഗിയുള്ള/ കിടപ്പുരോഗികൾ ഉള്ള കുടുംബത്തിലെ ഒരാൾക്ക് കൂടി 300/- രൂപ വീതം അധികമായി 30 ദിവസത്തേക്ക് CMDRF ൽ നിന്നും അനുവദിക്കുന്നതിനും 09.08.2024 ലെ സ.ഉ(സാധാ) നം.589/2024/ഡി.എം.ഡി പ്രകാരം അനുമതി നൽകിയിരുന്നു. പിന്നീട് 23.10.2024 ലെ സ.ഉ(സാധാ)നം.814/2024/ഡി.എം.ഡി, 13.11.2024 ലെ സ.ഉ(സാധാ)നം.842/2024/ ഡി.എം.ഡി എന്നീ ഉത്തരവുകൾ പ്രകാരം ടി ധനസഹായം 60 ദിവസത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകിയിരുന്നു. ഇപ്രകാരം അനുവദിക്കുന്ന ധനസഹായം ദീർഘിപ്പിച്ച് നൽകുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിക്കുകയും ദുരന്ത ബാധിതർക്ക് നിലവിൽ അനുവദിച്ചു വരുന്ന 300 രൂപ ബത്ത തുടർന്നും അനുവദിക്കുന്നതിന് തത്വത്തിൽ തീരുമാനം കൈകൊണ്ട് 28/02/2025 ലെ സ.ഉ(കൈ)നം.3/2025/ഡി.എം.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ വീട് നഷ്ടപ്പെട്ട് വാടക വീടുകളിലോ ബന്ധുവീടുകളിലോ കഴിയുന്ന കുടുംബങ്ങൾക്ക് 13.08.2024 ലെ G.O(Rt)No.597/2024/DMD പ്രകാരം വീട്ടു വാടക ഇനത്തിൽ നൽകി വരുന്ന 6000/- രൂപ തുടർന്നും നൽകിവരുന്നുണ്ട്. വാടകയ്ക്ക് താമസിക്കുന്ന ദുരന്തബാധിത കുടുംബങ്ങൾക്ക് സപ്ലൈക്കോ വഴി മാസം 1000 രൂപയുടെ സാധനങ്ങൾ വാങ്ങാവുന്ന കൂപ്പൺ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ ലഭ്യമായ സി.എസ്.ആർ. ഫണ്ടിൽ നിന്നും നൽകാൻ G.O(Ms)No.3/2025/DMD dated 28.02.2025 പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - വയനാട് മേപ്പാടി പഞ്ചായത്തിലെ ഉരുൾപ്പൊട്ടൽ ദുരന്തം - ഒന്നാം ഘട്ടത്തിൽ പുനരധിവസിപ്പിക്കപ്പെടേണ്ടവരെ കണ്ടെത്തുന്നതിനുള്ള മാർഗനിർദേശങ്ങൾ അംഗീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.866/2024/DMD തീയതി,തിരുവനന്തപുരം, 26-11-2024

---

പരാമർശം:- ലാൻഡ് റവന്യൂ കമ്മീഷണറുടെ 11/11/2024 ലെ LR/9873/2024-LR(H2) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിൽ മേപ്പാടി ഗ്രാമപഞ്ചായത്തിൽ 30-07-2024 ന് ഉണ്ടായ ഉരുൾപൊട്ടലിൽ ദുരന്തബാധിതരായ കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതാണ്. ദുരന്തബാധിതരുടെ പുനരധിവാസം രണ്ട് ഘട്ടമായി നടത്തുന്നതാണ്. ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ടമായി (Phase-1) പുനരധിവസിപ്പിക്കുന്നതാണ്. വാടകയ്ക്ക് താമസിച്ചിരുന്ന ദുരന്തബാധിതരെയും പാടികളിൽ താമസിച്ചിരുന്ന ദുരന്ത ബാധിതരേയും അവർക്ക് മറ്റ് എവിടേയും വീട് ഇല്ല എങ്കിൽ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. അപകട മേഖലയിൽ വാസയോഗ്യമല്ലെന്ന് കണ്ടെത്തുന്ന ഇടങ്ങളിൽ താമസിക്കുന്നവരെ രണ്ടാം ഘട്ട (phase-2) ത്തിൽ പുനരധിവസിപ്പിക്കുന്നതാണ്.

ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ടമായി പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച് ചുവടെ പറയും പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പുനരധിവാസത്തിന് അർഹരായ കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് പ്രധാനമായും ഭക്ഷ്യ പൊതുവിവരണ വകുപ്പിൽ നിന്നും ലഭ്യമായ റേഷൻ കാർഡിലെ ജിയോ റഫറൻസ്ഡ് വിവരങ്ങളാണ് പ്രൈമറി ഡേറ്റയായി കണക്കിലെടുക്കേണ്ടത്. കൂടാതെ, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഹരിത മിത്രം ആപ്ലിക്കേഷൻ മുഖേന ലഭ്യമായ ഗുണഭോക്താക്കളുടെ ജിയോ റഫറൻസ്ഡ് വിവരങ്ങൾ, കെ.എസ്.ഇ.ബി യിൽ നിന്നും ലഭ്യമായ ഗുണഭോക്താക്കളുടെ ജിയോ റഫറൻസ്ഡ് വിവരങ്ങൾ, റാപ്പിഡ് വിഷൽ സ്ക്രീനിംഗ് വിവരങ്ങൾ, ദുരന്ത ബാധിതർക്കായി സർക്കാർ നൽകിയ വീട്ടു വാടക കൈപ്പറ്റിയവരുടെ വിവരങ്ങൾ, സർക്കാരിന്റെ ക്വാർട്ടേഴ്സിലേക്ക് താൽക്കാലികമായി മാറ്റി പാർപ്പിച്ച ദുരന്ത ബാധിതരുടെ വിവരങ്ങൾ, പാടികളിൽ താമസിക്കുന്നവരുടെ വിവരങ്ങൾ എന്നിങ്ങനെ ലഭ്യമായ വിവരങ്ങൾ കൂടി പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിനായി മേൽ പറഞ്ഞ വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിലെ ജില്ലാ ഓഫീസർമാർ വയനാട് ജില്ലാ

കളക്ടർക്ക് ലഭ്യമാക്കേണ്ടതാണ്.

2. മേൽ പ്രക്രിയയിലൂടെ മാനന്തവാടി സബ് കളക്ടർ കരട് ലിസ്റ്റ് തയാറാക്കേണ്ടതാണ്. പഞ്ചായത്ത് അധികൃതർ ഫീൽഡ് പരിശോധനയിലൂടെയും പ്രാദേശികമായി കണ്ടെത്തിയ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്റ്റും നിലവിലുള്ളതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ഈ രണ്ട് ലിസ്റ്റുകളും മാനന്തവാടി സബ് കളക്ടർ അനുരഞ്ജനം ചെയ്യേണ്ടതും (ആവശ്യമെങ്കിൽ ഫീൽഡ് പരിശോധന നടത്തി), സബ് കളക്ടർ തയ്യാറാക്കിയ ലിസ്റ്റുമായി പരിശോധിക്കുമ്പോൾ ടി ലിസ്റ്റിൽ നിന്നും വ്യത്യസ്തമായി പഞ്ചായത്തിന്റെ ലിസ്റ്റിൽ ഉൾപ്പെട്ടവരും ഒഴിവാക്കപ്പെട്ടവരും (Inclusion and Omission) ആയ കുടുംബങ്ങളുടെ കാര്യകാരണം പഞ്ചായത്തിൽ നിന്നും ലഭ്യമാക്കേണ്ടതുമാണ്. DDMA നിയോഗിച്ച ടെക്നിക്കൽ സപ്പോർട്ട് ടീം, ടി അനുരഞ്ജനം നടത്തുന്നതിനായി സബ് കളക്ടറെ സഹായിക്കേണ്ടതാണ്. ഇപ്രകാരം അനുരഞ്ജനം നടത്തിയ കരട് ലിസ്റ്റ് DDMA യുടെ അനുമതിയോടെ മാനന്തവാടി സബ് കളക്ടർ പ്രസിദ്ധീകരിക്കേണ്ടതാണ്. കരട് ലിസ്റ്റ് വയനാട് ജില്ലാ കളക്ടറേറ്റ്, മാനന്തവാടി ആർ.ഡി.ഓഫീസ്, വൈത്തിരി താലൂക്ക് ഓഫീസ്, വെള്ളരിമല വില്ലേജ് ഓഫീസ്, മേപ്പാടി പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിലും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും വെബ്സൈറ്റിലും പ്രദർശിപ്പിക്കേണ്ടതും, വിപുലമായ പ്രചാരണം നൽകേണ്ടതുമാണ്.

3. പ്രസിദ്ധീകരിച്ച കരടിലെ വിശദാംശങ്ങൾ പരിശോധിക്കുവാൻ വെള്ളരിമല വില്ലേജ്, മേപ്പാടി പഞ്ചായത്ത് ഓഫീസുകളിൽ ഹെൽപ്ഡെസ്ക് സജ്ജീകരിക്കേണ്ടതാണ്. കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിന് ശേഷം ആക്ഷേപങ്ങൾ സ്വീകരിക്കുവാൻ 15 പ്രവർത്തി ദിവസങ്ങൾ ഉണ്ടായിരിക്കുന്നതാണ്. കരട് ലിസ്റ്റിന്മേലുള്ള ആക്ഷേപങ്ങൾ താലൂക്ക് ഓഫീസിൽ സ്വീകരിക്കേണ്ടതാണ്. കൂടാതെ വെള്ളരിമല വില്ലേജിലും, മേപ്പാടി പഞ്ചായത്തിലും ആക്ഷേപങ്ങൾ സ്വീകരിക്കുവാൻ സൗകര്യം ക്രമീകരിക്കേണ്ടതാണ്. ഇതിന് പുറമേ സബ് കളക്ടറുടെ subcollectormndy@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും ആക്ഷേപങ്ങൾ അയക്കാം. എല്ലാ ആക്ഷേപങ്ങൾക്കും കൈപ്പറ്റ് രസീത് നൽകേണ്ടതാണ്. അപ്രകാരം സ്വീകരിച്ച ആക്ഷേപങ്ങൾ യഥാസമയം മാനന്തവാടി സബ് കളക്ടർക്ക് എത്തിച്ചു നൽകേണ്ടതാണ്.

4. ഒന്നാം ഘട്ടത്തിൽ പുനരധിവസിപ്പിക്കുന്നതിലേക്ക് തയ്യാറാക്കി പ്രസിദ്ധീകരിച്ച കരട് ലിസ്റ്റിന്മേലുള്ള ആക്ഷേപങ്ങളിന്മേൽ സബ് കളക്ടർ സ്ഥല പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി സമയബന്ധിതമായി DDMA യ്ക്ക് സമർപ്പിക്കേണ്ടതും, DDMA ആക്ഷേപം ഉന്നയിച്ചവരെ നേരിൽ കേട്ട് ആക്ഷേപം തീർപ്പ് കൽപ്പിക്കേണ്ടതുമാണ്. ആക്ഷേപങ്ങൾ സ്വീകരിക്കുന്ന അവസാന തീയതി മുതൽ 30 ദിവസങ്ങൾക്കുള്ളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അന്തിമ ലിസ്റ്റ് പ്രസിദ്ധികരിക്കേണ്ടതാണ്. ടി ലിസ്റ്റ് വയനാട് കളക്ടറേറ്റ്, മാനന്തവാടി ആർ.ഡി.ഓഫീസ്, വൈത്തിരി താലൂക്ക് ഓഫീസ്, വെള്ളരിമല വില്ലേജ് ഓഫീസ്, മേപ്പാടി പഞ്ചായത്ത് എന്നിവിടങ്ങളിലും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും വെബ്സൈറ്റിലും പ്രദർശിപ്പിക്കേണ്ടതാണ്. ടി അന്തിമ ലിസ്റ്റിന്മേലുള്ള പരാതികളും ആക്ഷേപങ്ങളും ഉള്ള പക്ഷം ആയവ സർക്കാരിലെ ദുരന്തനിവാരണ വകുപ്പിൽ സമർപ്പിക്കാവുന്നതാണ്. മേൽ പരാമർശിച്ച ലിസ്റ്റുകൾ തയ്യാറാക്കുന്നതിനുള്ള സമയക്രമം ചുവടെ ചേർക്കുന്നു.

അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള സമയക്രമം

| | |
|---|---|
| ഒന്നാം ഘട്ടം (Phase-1) കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള തീയതി | ഉത്തരവ് തീയതി മുതൽ 10 പ്രവർത്തി ദിവസങ്ങൾക്കകം |
| ആക്ഷേപങ്ങൾ സ്വീകരിക്കേണ്ട തീയതി | കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് 15 പ്രവർത്തി ദിവസത്തിനുള്ളിൽ |
| അന്തിമ കരട് പ്രസിദ്ധീകരിക്കേണ്ട തീയതി | ആക്ഷേപങ്ങൾ ലഭിക്കേണ്ട അവസാന തീയതി മുതൽ 30 ദിവസത്തിനുള്ളിൽ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), (എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാകളക്ടർ, വയനാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
തദ്ദേശസ്വയം ഭരണ വകുപ്പ്
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- വയനാട് മേപ്പാടി പഞ്ചായത്തിൽ ഉണ്ടായ ഉരുൾപൊട്ടൽ- ദുരന്ത മേഖലയിൽ വാസയോഗ്യമല്ലെന്ന് കണ്ടെത്തുന്ന ഇടങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളെ പുനരധിവാസത്തിനായി കണ്ടെത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ (ഫേസ് 2) സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ)വകുപ്പ്**

സ.ഉ.(സാധാ) നം.10/2025/DMD തീയതി,തിരുവനന്തപുരം, 04-01-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 590/2024/ഡിഎംഡി തീയതി 9/8/2024
2. സ.ഉ.(കൈ) നം. 11/2024/ഡിഎംഡി തീയതി 04/10/2024
   സ.ഉ.(സാധാ) നം. 866/2024/ഡിഎംഡി തീയതി 26/11/2024
3.

**ഉത്തരവ്**

വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിൽ മേപ്പാടി ഗ്രാമപഞ്ചായത്തിൽ 30.07.2024 ന് ഉണ്ടായ ഉരുൾപൊട്ടലിൽ ദുരന്തബാധിതരായ കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ (ഒന്നാം ഘട്ടം) 26.11.2024 ലെ സ.ഉ (സാധാ) നം 866/2024/ഡി.എം.ഡി പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ദുരന്ത നിവാരണ (എ) വകുപ്പിന്റെ 9.8.2024 ലെ സ.ഉ.(സാധാ) നം 590/2024/ഡി.എം.ഡി ഉത്തരവ് പ്രകാരം ഉരുൾപൊട്ടൽ നേരിട്ട് ബാധിച്ച് സ്ഥലങ്ങളിൽ സൂക്ഷ്മ പരിശോധന നടത്തി, ദുരന്ത സാധ്യത വിലയിരുത്തി, ഇതേ സ്ഥലങ്ങൾ ഇനിയും ജനവാസ്യയോഗ്യമാണോ എന്നത് കണ്ടെത്തി ശിപാർശ സമർപ്പിക്കുന്നതിനായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ചുമതലപ്പെടുത്തുന്ന ഒരു വിദഗ്ദ സംഘത്തെ നിയോഗിച്ച് ഉത്തരവായിരുന്നതും, ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 11.08.2024 ലെ MTO 1/1550/2024/Admin നമ്പർ നടപടിക്രമം പ്രകാരം തിരുവനന്തപുരം സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിലെ (റിട്ട) സയന്റിസ്റ്റ് ജി ശ്രീ. ജോൺ മത്തായിയുടെ നേതൃത്വത്തിൽ ഒരു വിദഗ്ദ സമിതിയെ നിയമിച്ച് ഉത്തരവായിട്ടുള്ളതുമാണ്. പ്രസ്തുത വിദഗ്ദ സംഘം പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ള, വാസയോഗ്യമായതും അല്ലാത്തതുമായ സ്ഥലങ്ങൾ ( Go and No Go Zones) 04.10.2024 ലെ സ.ഉ.(കൈ) നം 11/2024/DMD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ളതുമാണ്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദുരന്ത മേഖലയിൽ വാസയോഗ്യമല്ലെന്ന് കണ്ടെത്തിയ ഇടങ്ങളിൽ (നോ ഗോ സോൺ) താമസിക്കുന്ന കുടുംബങ്ങളെ രണ്ടാം ഘട്ടമായി പുനരധിവസിപ്പിക്കുന്നതിന് കണ്ടെത്തുന്നത് സംബന്ധിച്ച് ചുവടെ

പറയും പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ദുരന്ത നിവാരണ വകുപ്പിന്റെ 9.8.2024 ലെ സ.ഉ.(സാധാ) നം 590/2024/ഡി.എം.ഡി സർക്കാർ ഉത്തരവ് പ്രകാരം രൂപീകൃതമായ വിദഗ്ദ സമിതി ശിപാർശ ചെയ്തിട്ടുള്ള വാസയോഗ്യമല്ലാത്ത സ്ഥലങ്ങൾ (നോ ഗോ സോൺ) ഫീൽഡിൽ ഡീമാർക്കേറ്റ് ചെയ്ത് സർവെ കല്ലുകൾ സ്ഥാപിച്ച് പെർമനന്റ് പെമാർക്കിംഗ് ചെയ്യുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതും, ആയതിന്റെ ജിയോ കോർഡിനേറ്റ്സ് രേഖപ്പെടുത്തിയ സർവെ സ്കെച്ചും തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. പെമാർക്കിംഗ് ഫീൽഡിൽ ചെയ്യുന്നതിനോടൊപ്പം പ്രസ്തുത സ്ഥലത്തിൽ ഉൾപ്പെട്ട് വരുന്ന പുനരധിവസിപ്പിക്കേണ്ട കുടുംബങ്ങളുടെ ലിസ്റ്റ് (എ ലിസ്റ്റ്) 26.11.2024 ലെ സ.ഉ (സാധാ) നം 866/2024/ഡി.എം.ഡി ഉത്തരവിലെ ഒന്നാം ഖണ്ഡികയിൽ പ്രതിപാദിക്കുന്ന ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ നിന്നും ലഭ്യമായ റേഷൻ കാർഡിലെ ജിയോ റഫറൻസ്ഡ് വിവരങ്ങൾ പ്രൈമറി ഡേറ്റയായി കണക്കിലെടുത്ത് ഫീൽഡ് പരിശോധന കൂടി നടത്തി മാനന്തവാടി സബ് കളക്ടർ തയ്യാറാക്കേണ്ടതാണ്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഹരിതമിത്രം ആപ്ലിക്കേഷൻ, സഞ്ജയ ആപ്ലിക്കേഷൻ എന്നിവ മുഖേന ലഭ്യമായ ഗുണഭോക്താക്കളുടെ ജിയോ റഫറൻസ്ഡ് വിവരങ്ങൾ, കെ.എസ്.ഇ.ബി യിൽ നിന്നും ലഭ്യമായ ഗുണഭോക്താക്കളുടെ ജിയോ റഫറൻസ്ഡ് വിവരങ്ങൾ, റാപ്പിഡ് വിഷ്വൽ സ്ക്രീനിംഗ് വിവരങ്ങൾ, പാഡികളിൽ താമസിക്കുന്നവരുടെ വിവരങ്ങൾ എന്നിങ്ങനെ ലഭ്യമായ വിവരങ്ങൾ കൂടി പരിശോധനാ വിധേയമാക്കേണ്ടതാണ്.
2. മേൽ പ്രക്രിയയിലൂടെ മാനന്തവാടി സബ് കളക്ടർ തയ്യാറാക്കുന്ന കരട് 'എ' ലിസ്റ്റ് ജിയോ റഫറൻസ്ഡ് ഡേറ്റയും സ്ഥലപരിശോധനയും അടിസ്ഥാനമാക്കി ആയിരിക്കേണ്ടതാണ്. പഞ്ചായത്ത് അധികൃതർ ഫീൽഡ് പരിശോധനയിലൂടെയും പ്രാദേശികമായി കണ്ടെത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിലും തയ്യാറാക്കിയ ലിസ്റ്റ് മാനന്തവാടി സബ്കളക്ടർ തയ്യാറാക്കിയ 'എ' ലിസ്റ്റുമായി മാനന്തവാടി സബ്കളക്ടർ അനുരഞ്ജനം ചെയ്യേണ്ടതാണ്. 'എ' ലിസ്റ്റുമായി താരതമ്യപ്പെടുത്തുമ്പോൾ പഞ്ചായത്തിന്റെ ലിസ്റ്റിൽ അധികമായി ഉൾപ്പെട്ടവരും ഒഴിവാക്കപ്പെട്ടവരും (Inclusion and omission) ആയ കുടുംബങ്ങളുടെ കാര്യകാരണം അന്വേഷണത്തിലൂടെ കണ്ടെത്തി അനുരഞ്ജനം നടത്തേണ്ടതാണ്. DDMA നിയോഗിച്ച ടെക്നിക്കൽ സപ്പോർട്ട് ടീം ടി അനുരഞ്ജനം നടത്തുന്നതിനായി മാനന്തവാടി സബ് കളക്ടറെ സഹായിക്കേണ്ടതും, അനുരഞ്ജനം നടത്തിയ കരട് ലിസ്റ്റ് (**എ ലിസ്റ്റ്**) DDMA യുടെ അനുമതിയോടു കൂടി മാനന്തവാടി സബ് കളക്ടർ പ്രസിദ്ധീകരിക്കേണ്ടതാണ്.
3. നിലവിൽ നോ ഗോ സോണായി സർക്കാർ നോട്ടിഫൈ ചെയ്തിട്ടുള്ള മേഖലയ്ക്ക് പുറത്തുള്ളതും എന്നാൽ നോ ഗോ സോണിൽ കൂടി മാത്രം പ്രവേശനം സാധ്യമായിട്ടുള്ള (മറ്റ് വഴി സൌകര്യമില്ലാത്തതുമായ), ഒറ്റപെട്ടുപോയിട്ടുള്ള വീടുകളിൽ താമസിക്കുന്നവരുടെ കരട് ലിസ്റ്റ് (**ബി ലിസ്റ്റ്**) കൂടി മേൽ പറഞ്ഞ എ ലിസ്റ്റ് തയ്യാറാക്കുന്ന അതേ നടപടിക്രമത്തിലൂടെ തയ്യാറാക്കി പഞ്ചായത്തിന്റെ ലിസ്റ്റുമായി അനുരഞ്ജനം ചെയ്ത് DDMA നിയോഗിച്ച ടെക്നിക്കൽ സപ്പോർട്ട് ടീമിന്റെ സാങ്കേതിക സഹായം കൂടി ഉപയോഗപ്പെടുത്തി DDMA യുടെ അനുവാദത്തോടെ മാനന്തവാടി സബ്കളക്ടർ പ്രസിദ്ധീകരിക്കേണ്ടതാണ്.

**(വിശദീകരണം**

**എ ലിസ്റ്റ്— നോ ഗോ സോണിൽ ഉൾപ്പെടുന്ന വീടുകൾ.**

**ബി ലിസ്റ്റ്— നോ ഗോ സോണിന്റെ പുറത്തുള്ളതും എന്നാൽ നോ ഗോ സോണിൽ കൂടി മാത്രം പ്രവേശനം സാധ്യമായിട്ടുള്ള (മറ്റ് വഴി സൗകര്യമില്ലാത്തതുമായ) ഒറ്റപ്പെട്ടുപോയ വീടുകൾ).**

4. മേൽ പരാമർശിച്ച എ, ബി ലിസ്റ്റുകളിൽ ഫേസ് 1 ൽ പുനരധിവാസത്തിനായി തയ്യാറാക്കിയ ലിസ്റ്റിലുൾപ്പെട്ട കുടുംബങ്ങൾ ഉൾപ്പെട്ടിട്ടില്ലായെന്നും, ടി മൂന്ന് ലിസ്റ്റുകളിലും ഇരട്ടിപ്പ് (duplication) ഇല്ലായെന്നും ഉറപ്പ് വരുത്തി മാത്രം കരട് ലിസ്റ്റുകൾ പ്രസിദ്ധപ്പെടുത്താവൂ. ടി എ, ബി ലിസ്റ്റുകൾ ജില്ലാ കളക്ടറേറ്റ്, മാനന്തവാടി സബ് കളക്ടറുടെ കാര്യാലയം, വൈത്തിരി താലൂക്ക് ഓഫീസ്, വെള്ളരിമല വില്ലേജ് ഓഫീസ്, മേപ്പാടി പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിൽ പ്രദർശിപ്പിക്കേണ്ടതും, വയനാട് ജില്ലാ ഭരണകൂടത്തിന്റെയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. പ്രസിദ്ധീകരിച്ച കരട് ലിസ്റ്റുകളിലെ വിവരങ്ങൾ പരിശോധിക്കുവാൻ വെള്ളരിമല വില്ലേജ്, മേപ്പാടി പഞ്ചായത്ത് ഓഫീസ് എന്നിവടങ്ങളിൽ ഹെൽപ്പ് ഡെസ്ക് സജ്ജീകരിക്കേണ്ടതും, കരട് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചതിന് ശേഷം ആക്ഷേപങ്ങൾ സ്വീകരിക്കുവാൻ 10 ദിവസങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ആക്ഷേപങ്ങൾ താലൂക്ക് ഓഫീസിൽ സ്വീകരിക്കേണ്ടതാണ്. കൂടാതെ വെള്ളരിമല വില്ലേജിലും മേപ്പാടി പഞ്ചായത്തിലും ആക്ഷേപങ്ങൾ സ്വീകരിക്കുവാൻ സൗകര്യം ക്രമീകരിക്കേണ്ടതും, അപ്രകാരം സ്വീകരിച്ച ആക്ഷേപങ്ങൾ യഥാസമയം മാനന്തവാടി സബ് കളക്ടർക്ക് എത്തിച്ച് നൽകേണ്ടതുമാണ്. ഇതിന് പുറമേ മാനന്തവാടി സബ് കളക്ടറുടെ subcollectormndy@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും ആക്ഷേപങ്ങൾ സമർപ്പിക്കാവുന്നതുമാണ്.
5. രണ്ടാം ഘട്ടത്തിൽ പുനരധിവസിപ്പിക്കുന്നതിനായി തയ്യാറാക്കി പ്രസിദ്ധീകരിച്ച കരട് ലിസ്റ്റുകളിന്മേലുള്ള ആക്ഷേപങ്ങളിന്മേൽ മാനന്തവാടി സബ് കളക്ടർ സ്ഥല പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി സമയബന്ധിതമായി DDMAയ്ക്ക് സമർപ്പിക്കേണ്ടതും, DDMA ആക്ഷേപം ഉന്നയിച്ചവരെ നേരിൽ കേട്ട് ആക്ഷേപം തീർപ്പ് കൽപ്പിക്കേണ്ടതുമാണ്. ആക്ഷേപങ്ങൾ സ്വീകരിക്കുന്ന അവസാന തീയതി മുതൽ 10 ദിവസത്തിനുള്ളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതാണ്. ടി ലിസ്റ്റ് ജില്ലാ കളക്ടറേറ്റ്, മാനന്തവാടി സബ് കളക്ടറുടെ കാര്യാലയം, വൈത്തിരി താലൂക്ക് ഓഫീസ്, വെള്ളരിമല വില്ലേജ് ഓഫീസ്, മേപ്പാടി പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിൽ പ്രദർശിപ്പിക്കേണ്ടതും, വയനാട് ജില്ലാ ഭരണകൂടത്തിന്റെയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. ടി അന്തിമ ലിസ്റ്റിന്മേൽ പരാതികളും ആക്ഷേപങ്ങളും ഉള്ള പക്ഷം ആയവ സർക്കാരിലെ സർക്കാരിലെ ദുരന്തനിവാരണ വകുപ്പിൽ സമർപ്പിക്കാവുന്നതാണ്. മേൽ പരാമർശിച്ച ലിസ്റ്റുകൾ തയ്യാറാക്കുന്നതിനുള്ള സമയക്രമം ചുവടെ ചേർക്കുന്നു.

അന്തിമ ലിസ്റ്റുകൾ (എ, ബി) പ്രസിദ്ധീകരിക്കുന്നതിനുള്ള സമയക്രമം

| | |
|---|---|
| നോ ഗോ സോൺ ഫീൽഡിൽ പെഗ്മാർക്കിംഗ്, ജിയോ റഫറൻസ്ഡ് സ്കെച്ച് തയ്യാറാക്കൽ എന്നീ പ്രവർത്തികൾ പൂർത്തിയാക്കേണ്ട | ഈ ഉത്തരവ് തീയതി മുതൽ 10 ദിവസത്തിനകം. |

| | |
|---|---|
| തീയതി | |
| മാനന്തവാടി സബ്കളക്ടർ കരട് ലിസ്റ്റ് (എ, ബി ലിസ്റ്റുകൾ) പ്രസിദ്ധീകരിക്കേണ്ട തീയതി | ഈ ഉത്തരവ് തീയതി മുതൽ 18 ദിവസത്തിനകം. |
| കരട് ലിസ്റ്റുകളിന്മേലുള്ള ആക്ഷേപങ്ങൾ സ്വീകരിക്കുന്ന അവസാന തീയതി | കരട് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ച തീയതി മുതൽ 10 ദിവസത്തിനുള്ളിൽ. |
| അന്തിമ ലിസ്റ്റുകൾ (എ, ബി) പ്രസിദ്ധീകരിക്കേണ്ട തീയതി | ആക്ഷേപങ്ങൾ സ്വീകരിക്കുന്ന അവസാന തീയതി മുതൽ 10 ദിവസത്തിനുള്ളിൽ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം
ജില്ലാകളക്ടർ,വയനാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
തദ്ദേശ സ്വയംഭരണ വകുപ്പ്
പൊതുജന സമ്പർക്ക വകുപ്പ് (Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ